

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-കെഎസ്ഡി 10-31/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/02/2026
ഇ-മെയിൽ:
doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം **:** നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഇമെയിൽ മുഖാന്തിരം)
ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം.
കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-കെഎസ്ഡി 10-31/2026 തീയ്യതി: 07/02/2026

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജ്യോതിഷ്കുമാർ.സി.വി	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	08-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗോപാലകൃഷ്ണ നായിക്.പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജനാർദ്ദനൻ സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജിത പി കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.വി.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാധവൻ മണിയറ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.രാഗേഷ്.ടി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രുതി എം കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ. വാമനൻ.പി	അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-07-2024
ശ്രീ.ഉമേഷ്.എൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്)	01-08-2024	28-11-2024
ശ്രീ.സുനിൽകുമാർ.വി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	29-11-2024	31-03-2025
ശ്രീമതി ബിന്ദു കെ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2024	31-03-2025
ശ്രീമതി ബിജി ഇ കെ	ശിശുവികസന പദ്ധതി ഓഫീസർ	18-09-2024	31-03-2025
ശ്രീമതി.രമ്യ.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ.രാധിക സോമൻ	മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി തൃക്കരിപ്പൂർ	01-04-2024	31-03-2025
ഡോ. രാജമോഹനൻ ടി എ	മെഡിക്കൽ ഓഫീസർ-സി.എച്ച്.സി ചെറുവത്തൂർ	01-04-2024	31-03-2025
ശ്രീ. സതീഷ് കുമാർ പി വി	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ. രാകേഷ് പി	പട്ടികവർഗ്ഗ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.അഭിൻ	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ബിജി ഇ കെ	ശിശുവികസന പദ്ധതി ഓഫീസർ	01-04-2024	04-07-2024

ശ്രീമതി.ജ്യോതി.പി	ശിശുവികസന പദ്ധതി ഓഫീസർ	05-07-2024	29-08-2024
ശ്രീമതി.ഹസീന.കെ.കെ	ശിശുവികസന പദ്ധതി ഓഫീസർ	30-08-2024	18-09-2024
ശ്രീമതി ബിജി ഇ കെ	ശിശുവികസന പദ്ധതി ഓഫീസർ	19-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യ പത്രികയിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് - തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്യാഷ് ബാലൻസ് പരിശോധന	1-7
11	ആഭ്യന്തര നിയന്ത്രണം	1-8
12	വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-9-1
13	വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.	1-9-2
14	കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല	1-9-3
15	ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-9-4
16	വാടക -അപാകതകൾ	1-9
17	IKM വിഹിതം അടവാക്കൽ- തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല	1-10
18	RRF ൽ CCTv സ്ഥാപിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-11
19	സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റലിന് ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-12
20	തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല	1-13
21	തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്	1-14
22	വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്	1-15
23	ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും കലാ കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് കായിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം അനുവദിക്കൽ - അപാകത	1-16
24	എച്ച്.എം.സി. വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-17
25	എടച്ചക്കൈ-പാലത്തേര കോളിക്കര റോഡ് പുനരുദ്ധാരണം-പടന്ന ഗ്രാമപഞ്ചായത്ത്-അധികം നല്കിയ 2313 രൂപ നിരാകരിക്കുന്നു	1-18
26	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-19
ഭാഗം **2**		

--- No Records Found ---		
ഭാഗം **3**		
1	എടച്ചക്കൈ-പാലത്തേര കോളിക്കര റോഡ് പുനരുദ്ധാരണം-പടന്ന ഗ്രാമപഞ്ചായത്ത് -അപാകതകൾ-അധികം നല്കിയ 2313 രൂപയുടെ ചെലവ് നിരാകരിക്കുന്നു	3-1
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്	4-5
6	വായ്പാ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് , സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക ധനകാര്യ പത്രികയിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവ പ്രകാരവും, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.04.2025 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30.04.2025 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന

കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 ലെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

കാസറഗോഡ്
07.02.2026

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 11,768,383/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 10,373,266/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് - തുകകൾ പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്ററിലേയും വാർഷികകണക്കിലേയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
രജിസ്റ്റർ പ്രകാരം	1010520	803050	207470
AFS പ്രകാരം	904800	792950	101750

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം, തിയതി	നമ്പർ. 1/1 തീയതി.15.02.2024	നമ്പർ. 2/1 തീയ്യതി.28.02.2025
മുന്നിരിപ്പ്	23,18,353	34,77,754
വരവ്	11,49,42,000	14,06,37,830
ആകെ	11,72,60,353	14,41,15,584
ചെലവ്	11,55,09,764	14,17,97,231
നീക്കിയിരിപ്പ്	17,50,589	23,18,353

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

വർഷം	**2024-25**
മുന്നിരിപ്പ്	4,358,491

വരവ്	102984963
ആകെ	107,343,454
ചെലവ്	92611697
നീക്കിയിരിപ്പ്	14,731,757
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	2,313
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1950020

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്/അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	31846000	31846000	31846000	-	0
വികസനഫണ്ട് എസ്.സി.പി.	0	7506000	7506000	5355271	-	2150729
വികസനഫണ്ട് ടി.എസ്.പി.	0	277000	277000	277000	-	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	19983000	19983000	19869428	-	113572
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് – ബാങ്ക്	0	5500313	5500313	4602315	763220	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Bank	0	11849000	11849000	5134104	6714896	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- ട്രഷറി	0	706706	706706	604562	-	102144
സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്)	0	3,807,350	3,807,350	3,807,350	-	0
തൊഴിലുറപ്പ് പദ്ധതി	ഴ	1292737	1292737	1292668	69	-

IAY – GP/DP Share	33207	1124	34331	0	34331	-
IAY – State Share	63457	1811	65268	0	65268	-
TSC	3,060,971	148349	3209320	0	3,209,320	-
കാനറബാങ്ക് - ഹെൽത്ത് ഗ്രാന്റ്	2,63,443	2908189	3171632	189003	2982629	-
TSC- IEC	4949	364	5313	0	5313	-
അവാർഡ് ഫണ്ട്	149284	3729	153013	87390	65623	-
കേരളോത്സവം	0	500	500	0	500	-
നിർമ്മൽ പുരസ്കാരം	0	556310	556310	0	556310	-

കുറിപ്പ് :

1. ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന്റെ വരവു തുകയിൽ പലിശ കൂടി ഉൾപ്പെട്ടിട്ടുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

2. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 7917000 രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

അംഗീകാരം ലഭിച്ചത്(എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
157	137853816	135	80843000	5	17	85.99

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

ക്രമനം	നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം		2024-25വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം.
		എണ്ണം	അടങ്കൽ	എണ്ണം	ചെലവ് തുക	
1	സെക്രട്ടറി	38	46428334	29	16660912	35.88
2	അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ	5	13453008	3	9559524	71.05
3	അസി.എഞ്ചിനിയർ	57	38789064	47	24564300	63.32

4	ശിശു വികസന പദ്ധതി ഓഫീസർ	11	5053204	11	4845710	95.89
5	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	4	367400	4	352000	95.81
6	പട്ടികജാതി വികസന ഓഫീസർ	5	1592600	5	1246561	78.27
7	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	5	2015080	5	1518821	75.37
8	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	14	8217685	13	6884770	83.78
9	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	13	18606621	13	11879582	63.84
10	ക്ഷീര വികസന ഓഫീസർ	4	3218320	4	3218320	100
11	വ്യവസായ വികസന ഓഫീസർ	1	112500	1	112500	100
	ആകെ	**157**	**137853816**	**135**	**80843000**	**58.64**

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	0	1292737	1292737	1292668	69

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2026 തീയതിയിൽ 3pm മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1. ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഫയലുകളും പദ്ധതി രേഖകളും കൃത്യമായി സൂക്ഷിക്കുവാനും , ഓഡിറ്റിന് ലഭ്യമാക്കുവാനും അധികൃതർക്ക് സാധിച്ചിട്ടുണ്ട്.

2. നിലവിൽ ഭരണ സമിതി മിനിട്സും, സ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സുകളും സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്.

3.ഓഡിറ്റ് വർഷം ഭരണസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 32 തവണയും . ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 27 തവണയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22

തവണയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി 17തവണയും യോഗം ചേർന്നിട്ടുണ്ട്.
4. തനതു വരുമാനസ്രോതസായ വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

1-9-1 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തികവർഷം കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം	സ്ഥാപനം/ റൂം നമ്പർ	പ്രതിമാസ വാടക	കുടിശ്ശിക	കുടിശ്ശികയുള്ള മാസം
1	ജ്വാല പുരുഷ സംഘം/396	2200	2200	മാർച്ച് 25
2	ജ്വാല പുരുഷ സംഘം/395	2200	2200	മാർച്ച് 25
3	വനിത വിപണന കേന്ദ്രം- പുത്തരിയടുക്കം/389 A	5150	25750	നവംബർ 24 മുതൽ മാർച്ച് 25 വരെ
4	വനിത വിപണന കേന്ദ്രം- പുത്തരിയടുക്കം/389 E	3300	19800	ഒക്ടോബർ 24 മുതൽ മാർച്ച് 25 വരെ
5	വനിത വിപണന കേന്ദ്രം- പേരോൽ / X/219/E	5500	38500	സപ്തംബർ 24 മുതൽ മാർച്ച് 25 വരെ
6	വനിത വിപണന കേന്ദ്രം- പേരോൽ / X/219/D	5300	31800	ഒക്ടോബർ 24 മുതൽ മാർച്ച് 25 വരെ
7	ടേക്ക് എ ബ്രേക്ക്/ 3/585 -B	17300 (01.01.2025 മുതൽ 13840/-)	41520	ജനുവരി 25 മുതൽ മാർച്ച് 25 വരെ
	ആകെ		161770	

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനായി ഓഡിറ്റ് എൻകപയറി (07/14.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-9-2 വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

വാടക ഒടുക്കു വരുത്തുന്നതിൽ സമയക്രമം പാലിക്കാത്ത ചില റൂമുകളുടെ ഉദാഹരണങ്ങൾ താഴെ

ചേർക്കുന്നു

ക്രമനം	സ്ഥാപനം/ റൂം നമ്പർ	റിമാർക്സ്
1	വനിത വിപണന കേന്ദ്രം-പുത്തരിയടുക്കം/389 A	ജൂലൈ 2023 മുതൽ ഓഗസ്റ്റ് 2023 വരെയുള്ള വാടക അടവാക്കിയിട്ടുള്ളത് ഏപ്രിൽ /2024 ലാണ്
2	വനിത വിപണന കേന്ദ്രം-പുത്തരിയടുക്കം/389 C	മാർച്ച്,ഏപ്രിൽ/2024 വാടക അടവാക്കിയി ട്ടുള്ളത് സപ്തംബർ /2024 ലാണ്
3	വനിത വിപണന കേന്ദ്രം-പേരോൽ /219 D	നവംബർ 2023 മുതൽ ജൂലൈ 2024 വരെയുള്ള വാടക അടവാക്കിയിട്ടുള്ളത് ഒക്ടോബർ /2024 ലാണ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകവയറി (07/14.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഒടുക്ക് വരുത്തുന്നതിന് സമയക്രമം പാലിക്കാത്തപക്ഷം കരാറിലെ നിബന്ധനയ്ക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

1-9-3 കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

വാടകക്കാരുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

1 പ്രതിമാസ വാടക 10ാം തീയതിക്കകം മുൻകൂറായി അതാത് മാസം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണെങ്കിലും ഭൂരിഭാഗം വാടകക്കാരും ഇത് പാലിക്കുന്നതായി കാണുന്നില്ല

2. തുടർച്ചയായി 3 മാസങ്ങളിൽ യഥാസമയം വാടക അടവാക്കാത്ത വാടകക്കാരുടെ ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതും വാടകക്കാരന് മുറിയിലുള്ള അവകാശം നഷ്ടപ്പെടുന്നതുമാണെന്നിരിക്കെ 3 മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള വാടകക്കാരുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കപ്പെടുന്നതായി കാണുന്നില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകവയറി (07/14.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറിലെ നിബന്ധനകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-4 ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

റൂമുകൾ വാടകക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻകവയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും ബൈലോ ലഭ്യമാക്കാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ചമയ്ക്കുന്ന നിബന്ധനകളും സർക്കാർ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികളെ ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം.

വാടക സംബന്ധിച്ച് പരാമർശങ്ങൾ മുൻവർഷത്തെ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും

അപാകതകൾ പരിഹരിക്കപ്പെടുന്നില്ല. കുടിശ്ശിക ഈടാക്കുന്നതിനും കരാറിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

1-9 വാടക -അപാകതകൾ

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ റൂമുകൾ കൈവശം വെച്ചിരിക്കുന്ന പല ലൈസൻസികളും വാടക അടവാക്കാതെയും , യഥാസമയം വാടക ഒടുക്കാതെയും , വാടകക്കാരുമായി ചമച്ച വാടകക്കരാറിലെ നിബന്ധനകൾ പാലിക്കാതെയും തുടരുന്നതായി കാണുന്നു . വാടകയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1-10 IKM വിഹിതം അടവാക്കൽ- തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പറും പേരും	88/25 , IKM ന് വിഹിതം നൽകൽ
അടങ്കൽ തുക	53042/- (CFC - UNTIED)
ചെലവ്	53042/- (CFC - UNTIED)
ബിൽ നമ്പർ	XVFC/2024-25/P/127 /29.01.2025 – 53042/-

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 53042/- രൂപ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി ഓഡിറ്റ് എൻകയറി (05/13.01.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 53042/- രൂപ തടസ്സപ്പെടുത്തുന്നു.

1-11 RRF ൽ CCTv സ്ഥാപിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പറും പേരും	103/25 RRF ൽ CCTv സ്ഥാപിക്കൽ
അടങ്കൽ തുക	₹150000/-(വികസന ഫണ്ട് - ജനറൽ -50000, CFC - Untied - 100000)
ചെലവ്	₹150000/-
ബിൽ നമ്പർ	24200363001401540768/14.03.2025 – 50000/- XFVC/2024-25/P/155/15.03.2025 – 100000/-

ജില്ലാ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.01.2024 തീയതിയിലെ 6917/C3/2023/SM കത്ത് പ്രകാരമുള്ള സ്പെസിഫിക്കേഷനും ഗൈഡ്ലൈനും അനുസരിച്ച് നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള RRF ൽ CCTv സ്ഥാപിക്കുന്നതിന് PWD മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ , PWD ഇലക്ട്രോണിക്സ് ഡിവിഷന്റെ അക്കൗണ്ടിലേക്ക് (IFSC -CNRB0000721, A/C No . 120028120721) 150000 രൂപ മേൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻകവയറി (11/14.01.2025) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവു തുക 150000/- രൂപ തടസ്സം ചെയ്യുന്നു.

1-12 സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റലിന് ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം/പേര്	104/2025 - കില വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ
അടങ്കൽ	₹3,00,000 (സി എഫി സി - അൺ ടൈഡ്)
ചെലവ്	₹3,00,000 (XVFC/2024-25/P/128/29.01.2025)

മേൽ പദ്ധതി പ്രകാരം സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 3,00,000രൂപ കില ഡയറക്ടറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ (SBIN0070786) 39315023581 അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻകവയറി (08/14.01.2025) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവു തുക 3,00,000 /- രൂപ തടസ്സം ചെയ്യുന്നു.

1-13 തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 2024-25 വർഷം ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നം.	ചെക്ക് നമ്പർ/ തീയതി	ചെലവ് വിവരം	തുക	ഹാജരാക്കേണ്ട രേഖകൾ
1	Treasury LGTSB -6825375 തീ . 17.07.2024	കുടുംബശ്രീ സർഗ്ഗോൽസവം - സംഭാവന	30000	തുക കൈപ്പറ്റിയതിന്റെ രശീതി
2	Treasury LGTSB -6825394 തീ . 16.08.2024	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- സംഭാവന	10,00,000	തുക കൈപ്പറ്റിയതിന്റെ രശീതി
3	Treasury LGTSB -1325405 തീ . 01.01.2024	സെപക് താക്രോ സബ്ജൂനിയർ ദേശീയ ചാമ്പ്യൻഷിപ്പ്	15000	തുക കൈപ്പറ്റിയതിന്റെ രശീതി
4	Treasury LGTSB -1325434 തീ . 30.01.2024	തദ്ദേശ ദിനാഘോഷം - സംഭാവന	70,000	തുക കൈപ്പറ്റിയതിന്റെ രശീതി

ആകെ	**1115000**	

തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻകപയറി (13/14.01.2025) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 1115000/- രൂപ തടസ്സം ചെയ്യുന്നു.

1-14 തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട്	94/25 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ
അടങ്കൽ തുക	₹72150/-(വികസന ഫണ്ട് - ജനറൽ)
ചെലവ്	₹72150/-
ബിൽ നമ്പർ	242003630014015854 77/19.03.2025 - 72150/-

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം പത്താം ക്ലാസ് തുല്യത, ഹയർസെക്കൻഡറി തുല്യത എന്നിവക്കായി 29 പഠിതാക്കൾക്കായി താഴെ പറയും പ്രകാരം തുക ജില്ലാ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്.

ക്രമ നം	ഇനം	പഠിതാക്കളുടെ എണ്ണം	യൂണിറ്റ് തുക (₹)	ആകെ തുക (₹)
1	പത്താം ക്ലാസ് തുല്യത,	5	1,950	9750
2	ഹയർസെക്കൻഡറി തുല്യത,	24	2,600	62400
	ആകെ			**72150**

പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക നിക്ഷേപിച്ചത് രേഖാമൂലം സാക്ഷരതാ മിഷനെ അറിയിച്ച് തുകയുടെ കൈപ്പറ്റ് രശീതി വാങ്ങണമെന്ന് കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27.10.2017 ലെ എ6-2916/16/ കേ.സം.സാ.മി.അ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ **72150**/- രൂപ നിക്ഷേപിച്ചതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല . ആയത് ഹാജരാക്കാനായി ഓഡിറ്റ് എൻകപയറി (10/14.01.2025) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി ഹാജരാക്കുന്നതു വരെ ചെലവു തുക 72150/- രൂപ തടസ്സം ചെയ്യുന്നു.

1-15 വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/ പേര്	1. 214/25- വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ് 2. 215/25 - വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	₹2,00,000- തനത് ഫണ്ട്
ചെലവ് & ബില്ല് നം	₹2,00,000 ചെക്ക് നം - Treasury LGTSB – 0395210/26.03.2025- ₹102144 ചെക്ക് നം - Treasury LGTSB – 0395209/25.03.2025- ₹97856

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള

നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2025 സംഘടിപ്പിച്ച 'വ്യത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ്" എന്ന മെഗാ ഇവന്റിന്റെ സംഘാടന ചെലവിലേക്കായി സ.ഉ. (സാധാ) നം.645/2025/LSGD തീയതി: 07-03-2025 പ്രകാരം ബ്ലോക്ക്പഞ്ചായത്ത് 2,00,000 രൂപ ശുചിത്വ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No. 0046104000272292) കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീതി ലഭ്യമാക്കാനായി ഓഡിറ്റ് എൻകുയറി (14/14.01.2025) നൽകിയിരുന്നുവെങ്കിലും രസീതി ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീതി ഹാജരാക്കുന്നതു വരെ ചെലവുതുക 200000/- രൂപ തടസ്സം ചെയ്യുന്നു.

1-16 ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും കലാ കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് കായിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം അനുവദിക്കൽ - അപാകത

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പറും പേരും	107/25- ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും കലാ കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് കായിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം അനുവദിക്കൽ
അടങ്കൽ തുക	₹300000/-(വികസന ഫണ്ട് - ജനറൽ- 100000, തനത് ഫണ്ട് - 200000)
ചെലവ്	₹59828/- (വികസന ഫണ്ട് - ജനറൽ)
ബിൽ നമ്പർ	242003630014016287 73/21.03.2025 – 59828/-

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും കലാ കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ മത്സരാർത്ഥികൾക്ക് കായിക ഉപകരണങ്ങൾ വാങ്ങിയ ബിൽ പ്രകാരമുള്ള തുകയുടെ 75% ധനസഹായം ഓരോരുത്തർക്കും അനുവദിച്ചിട്ടുണ്ട്.

ധനസഹായം അനുവദിച്ച മത്സരാർത്ഥികളുടെ വിവരം താഴെ ചേർക്കുന്നു

ക്രമ നം	മത്സരാർത്ഥിയുടെ പേര്	അനുവദിച്ച തുക
1	സിദ്ധാർഥ് സി	10000
2	മിർസാൻ മുഹമ്മദ്	10000
3	അസിൽരാജ് എ	10000
4	അനന്തു എ കെ	10000
5	അഹാന വെങ്ങാട്ട്	9828
6	ഷഹബാസ് സാദിഖ് എ പി	10000
	ആകെ	59828

സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത മേൽ പദ്ധതി നടപ്പാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻകുയറി (15/14.01.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവുതുക 59828/- രൂപ തടസ്സപ്പെടുത്തുന്നു.

1-17 എച്ച്.എം.സി. വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2010-ലെ കേരള പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം രൂപീകൃതമായിട്ടുള്ള ആശുപത്രി വികസന ഫണ്ടിന്റെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. മേൽ പറഞ്ഞ ചട്ടത്തിലെ ചട്ടം 9(1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സ്സാമിനറോ, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്തിനും നൽകേണ്ടതാണെന്നും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള താലൂക്ക് ആശുപത്രി തൃക്കരിപ്പൂരിന്റെ എച്ച്.എം.സി.യുടെ 2024-25 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളും, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം ചെറുവത്തൂരിന്റെ എച്ച്.എം.സി.യുടെ 2024-25 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഓഡിറ്റിന് വിധേയമാക്കിയിട്ടില്ലാത്ത വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി നം.9/25 തീയതി 14.01.2026

1-18 എടച്ചക്കൈ-പാലത്തേര കോളിക്കര റോഡ് പുനരുദ്ധാരണം-പടന്ന ഗ്രാമപഞ്ചായത്ത് - അധികം നല്കിയ 2313 രൂപ നിരാകരിക്കുന്നു

